പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1981 — 22-01-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ബിവറേജസ് കോർപ്പറേഷന്റെ ലാഭം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. എ.എ. അസീസ്. | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ബിവറേജസ് കോർപ്പറേഷന് മദ്യവില്പന വഴി ഓരോ വർഷവും ലഭ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം ബിവറേജസ് കോർപ്പറേഷന്, മദ്യ വിൽപന വഴി 2011-12 വർഷത്തിൽ 7862 കോടി രൂപയും, 2012-13 വർഷത്തിൽ 8818 കോടി രൂപയും, 2013-14 വർഷത്തിൽ (ഡിസംബർ മാസം വരെ) 6904.17 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ ലാഭം എത്ര രൂപ വീതമാണ്; | (ബി) വരുമാന നികുതി നൽകിയതിനു ശേഷം, 2010-11 വർഷത്തിൽ 149.78 കോടി രൂപയും, 2011-12 വർഷത്തിൽ (ആഡിറ്റിനു മുൻപ്) 143.87 കോടി രൂപയും, 2012-13 വർഷത്തിൽ (ആഡിറ്റിനു മുൻപ്) 44.95 കോടി രൂപയും ലാഭം ലഭിച്ചിട്ടുണ്ട്. |
| (സി) ലാഭത്തിന്റെ എത്ര ശതമാനമാണ് മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണത്തിനായി ബിവറേജസ് കോർപ്പറേഷൻ ചെലവിടുന്നത്. | (സി) 2012-13 സാമ്പത്തിക വർഷത്തിൽ, ബിവറേജസ് കോർപ്പറേഷൻ, 3.50 കോടി രൂപ, സർക്കാർ നിർദ്ദേശിക്കുന്ന ലഹരി മോചന കേന്ദ്രങ്ങൾക്ക് നൽകുവാനായി വകയിരുത്തിയിട്ടുണ്ട്. ലാഭത്തിന്റെ നിശ്ചിതശതമാനം അടിസ്ഥാനമാക്കിയല്ല പ്രസ്തുത കോർപ്പറേഷൻ ഇത്തരം പദ്ധതികൾക്കായി തുക ചെലവഴിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വർഷത്തിൽ എത്ര രൂപ വീതം ബോധ വൽക്കരണത്തിനായി ചെല വിട്ടുവെന്ന് വ്യക്തമാക്കു മോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യ മദ്യവിരുദ്ധ ബോധവൽക്കരണപ്രവർത്തനത്തിനായി ബിവറേജസ് കോർപ്പറേഷൻ, ആകെ 57331/- രൂപ (അൻപത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) 2013-14 -ൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ